മാതൃഭൂമി
Seed
പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം


Mathrubhumi SEED
Digital nature magazine
Leaf - 31 April 2024

# ആകാശപ്പച്ച

# CONTENTS




എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16





Cover photo: Shutterstock

# അവധിക്കാലത്ത് എന്ത് പഠിക്കാം?

അവധിക്കാലം കടുത്തചൂടിൽ പൊള്ളുകയാണല്ലോ

ആദ്യം ചിത്രംവര

പിന്നെ സൈക്കിൾസവാരി

ഇനി എന്തെങ്കിലും ഒരു പുതിയകാര്യം പഠിക്കാൻ കൂട്ടുകാർ ശ്രമിക്കണേ!

തീർച്ചയായും പഠിച്ചിരിക്കേണ്ട ഒരുകാര്യം ഓർമിപ്പിക്കാം

## നീന്തൽ



ഓർക്കണം

1. പരിചയസമ്പത്തുള്ള പരിശീലകർക്കൊപ്പം മാത്രമേ നീന്തൽ പഠിക്കാവൂ.
2. സർട്ടിഫിക്കറ്റ് ലഭിക്കുന്ന സ്ഥലങ്ങൾ പഠനത്തിനായി തെരഞ്ഞെടുക്കണം.

എഡിറ്റോറിയൽ



# പരീക്ഷണ മൃഗങ്ങൾക്കായി ഒരു ദിനാചരണം

സയൻസ് ലോകത്തെ അതിവേഗം മുന്നോട്ട് നയിക്കുകയാണ്. ഒരുപാട് ശരികൾ ചെയ്യുമ്പോഴും തെറ്റുകൾ എന്ന് പറയാവുന്ന ചില അവസ്ഥകളിലൂടെയും സയൻസിന് കടന്നുപോകേണ്ടിവരാറുണ്ട്. ലോകമൊട്ടാകെ വൈദ്യശാസ്ത്ര പരീക്ഷണങ്ങൾക്കായി പലതരത്തിലുള്ള മൃഗങ്ങളെ ഉപയോഗപ്പെടുത്തുന്നത് ഇത്തരത്തിലൊന്നാണ്. പരീക്ഷണമൃഗങ്ങളിൽ, പലതരം രോഗങ്ങൾ ഉണ്ടാക്കുകകയും അവ പിന്നീട് ചികിത്സിച്ച് മാറ്റാൻ ശ്രമിക്കുകയുമാണ് പൊതുരീതി. പരീക്ഷണമൃഗങ്ങൾ നേരിടുന്ന മോശം അവസ്ഥകളെക്കുറിച്ച് ലോകമെമ്പാടും പലതരത്തിലുള്ള എതിർപ്പുകൾ പലപ്പോഴും ഉയരുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമാണ് ലബോറട്ടറികളിലെ മൃഗങ്ങൾക്കായി ലോകവ്യാപകമായി നടത്തുന്ന ദിനാചരണം- വേൾഡ് ഡേ ഫോർ ആനിമൽസ് ഇൻ ലബോറട്ടറീസ് (WDAIL). നാഷണൽ ആന്റി വിവിസെഷൻ സൊസൈറ്റിയാണ് (NAVS) 1979-ൽ ഈ ദിനാചരണത്തിന് തുടക്കം കുറിച്ചത്. ലണ്ടൻ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സംഘടനയാണ് NAVS. എല്ലാവർഷവും ഏപ്രിൽ 24 നാണ് ദിനാചരണം. ഐക്യരാഷ്ട്രസഭയുടെ ദിനാചരണങ്ങളുടെ പട്ടികയിൽ ഇത് ഇടം പിടിച്ചിട്ടില്ല.

# കാടകത്തമ്മ

കാട് പ്രകൃതിയുടെ ഒരു വരദാനമാണ്. എന്നാൽ കാടിനിപ്പോൾ ഒരുപാട് പ്രശ്നങ്ങളെ നേരിടേണ്ടി വരുന്നു. ആ പ്രശ്നങ്ങൾ ഏറെക്കുറെ പൂർണമായിത്തന്നെ മനുഷ്യരുണ്ടാക്കുന്നതുമാണ്. ആനയുടെയും പുലിയുടെയും മറ്റു മൃഗങ്ങളുടേയും പക്ഷികളുടേയും വീടാണ് കാട്. അവരുടെ വീട് ഇപ്പോൾ മനുഷ്യൻ തകർക്കുന്നു. മനുഷ്യരെപ്പോലെ വികസിത ബുദ്ധി ഇല്ലാത്തതിനാൽ അവർക്ക് എവിടെ പോകണമെന്ന് അറിയില്ല. അതുകൊണ്ടാകാം അവർ ഗ്രാമ പ്രദേശങ്ങളിലും പട്ടണങ്ങളിലും വന്ന് മനുഷ്യരുണ്ടാക്കിയ വീടുകൾ തകർക്കുന്നത്. മനുഷ്യരാണ് ഇതിന്റെ പരിഹാരത്തെക്കുറിച്ച് ചിന്തിക്കേണ്ടത്. കാടിനെ നമ്മൾ നേരിട്ട് കാണണം. പ്രകൃതിയുടെ ആ നിറവ് കാണുമ്പോൾ മനസ്സ് നിറയണം. അപ്പോൾ നമുക്ക് കാടിനെ സ്നേഹിക്കാനാവും. പക്ഷേ എല്ലാവരും ഫോണിലൂടെ ലോകം കീഴടക്കുന്ന തിരക്കിലാണ്. കാട് നമ്മുടെ അമ്മയാണ്. അമ്മയെ നാം സംരക്ഷിക്കാതിരിക്കരുത്.

തീർത്ഥ പ്രദീപ്
ഗവ. യു.പി.എസ്.വെള്ളംകുളങ്ങര
ആലപ്പുഴ



കേരളം അറിയാൻ

# മയൂരം നാട്ടിലേക്കോ?

വരണ്ടപ്രദേശം, പാറക്കെട്ട്, കുറ്റിക്കാട് തുടങ്ങിയ ആവാസവ്യവസ്ഥയിൽ ജീവിക്കുന്ന മയിലുകൾ ഇന്ന് നാട്ടിലേക്ക് ഇറങ്ങിയിരിക്കുന്നു. മയിലുകൾക്ക് ജീവിക്കാൻ ഒട്ടും യോഗ്യമല്ലാതിരുന്ന സ്ഥലമായിരുന്നു കേരളം. ആ ആവാസവ്യവസ്ഥക്ക് മാറ്റം വരുന്നു എന്നതാണ് മയിലുകളുടെ വർദ്ധിച്ചുവരുന്ന സാന്നിധ്യം നൽകുന്ന സൂചന. ആദ്യം കേരളത്തിലെ ചില ജില്ലകളിൽ മാത്രം കണ്ടുവന്നിരുന്ന മയിലുകൾ ഇന്ന് കൂടുതൽ പ്രദേശങ്ങളിൽ എത്തിയിട്ടുണ്ട്. നെല്ല്, പച്ചക്കറികൾ തുടങ്ങി പല വിളകളും മയിലുകൾ നശിപ്പിക്കുന്നുമുണ്ട്. കാടുകളിലെക്കാൾ മികച്ച ഭക്ഷ്യലഭ്യതയും മയിലുകൾ നാട്ടിലേക്കിറങ്ങാൻ കാരണമാകുന്നുണ്ടാവണം. മയിലുകളുടെ എണ്ണത്തിലെ വർദ്ധനവ് പാമ്പിന്റെയും മയിലുകൾ ഭക്ഷിക്കുന്ന മറ്റുജീവികളുടെയും എണ്ണം കുറയുന്നതിനിടയാക്കും. ഇത് എലികളെപ്പോലെയുള്ള ജീവികൾ പെരുകുന്നതിനിടയാക്കും. ഭക്ഷ്യശൃംഖലയിലെ ഇത്തരം മാറ്റങ്ങൾ പ്രകൃതിയെ ദോഷകരമായി ബാധിക്കാം. ജലലഭ്യത കുറയുകയും ചൂട് അധികമാവുകയും ചെയ്യുന്നതാണ് ഈ അവസ്ഥയിലേക്ക് നയിക്കുന്ന അടിസ്ഥാനകാരണം. മയിൽ, ഒരു കൊടുംകാറ്റിനു മുമ്പുള്ള ചെറിയകാറ്റാണോ എന്ന് മനസ്സിലാക്കേണ്ടതിന്റെ ആവശ്യകത നാം തിരിച്ചറിയേണ്ടതുണ്ട്.



ഫാത്തിമത് സഹ്റ മൂസ
ജി.എച്ച്. എസ്.എസ്. കൊടകര
തൃശൂർ

# പറക്കുന്ന നിറങ്ങൾ!

പ്രകൃതിയിൽ കണുന്ന മനോഹരസൃഷ്ടികളിൽ ഒന്നാണ് ചിത്രശലഭം. ചിറകുകളിലെ ഭംഗിയാർന്ന വർണ്ണങ്ങൾ തന്നെയാവാം ചിത്രശലഭങ്ങൾ എന്ന പേരിന്റെ ഉത്ഭവത്തിന് കാരണം. ശലഭത്തിന്റെ രൂപാന്തരണത്തിൽ ലാർവ, പ്യുപ്പ എന്നീ ഘട്ടങ്ങൾക്ക് ശേഷമാണ് ചിത്രശലഭം ഉണ്ടാകുന്നത്. ശലഭമുട്ടവിരിഞ്ഞുണ്ടാകുന്ന പുഴുക്കളെകണ്ടാൽഇവയാണ് ഇത്രയും മനോഹരമായ ശലഭങ്ങൾ ആകുന്നത് എന്ന് വിശ്വസിക്കാനാവില്ല. അത്ഭുതകരമായ മാറ്റമാണത്. ഓരോ ദേശത്തും പല നിറത്തിലും വലിപ്പത്തിലും ഉള്ള ചിത്രശലഭങ്ങൾ ഉണ്ട്. ഇന്ത്യയിൽ കാണപ്പെടുന്ന പൂമ്പാറ്റകളിൽ ഏറ്റവും വലുതാണ് ഗരുഡശലഭം. കേരളത്തിൻറെ ഔദ്യോഗിക ചിത്രശലഭമാണ് പാപ്പിലിയോ ബുദ്ധ എന്ന ശാസ്ത്രനാമമുള്ള ബുദ്ധമയൂരി.

ശ്രേയ വിജയൻ
എറണാകുളം

ഈ ഫോട്ടോ
കാണാം



സ്ഥലം:
ചിറ്റപ്പുറം
തൃത്താല
പാലക്കാട്

ജുബി ബി.
ജി.എച്ച്.എസ്.എസ്. മേഴത്തൂർ
പാലക്കാട്

കൃഷിക്കാര്യം

# കൃഷിയിലെ ജൈവായുധങ്ങൾ

കൃഷിയിലെ കീടങ്ങളെയും രോഗങ്ങളെയും നിയന്ത്രിക്കാനും പോഷകങ്ങൾ നൽകാനും ജൈവ ആയുധങ്ങൾ ഉപയോഗിക്കാം. ഉദാഹരണമായി ബാസിലസ് തുറിഞ്ചിയെൻസിസ് എന്ന ബാക്ടീരിയ പച്ചക്കറികളിലും മറ്റുമുള്ള ഇലച്ചാഴികളെ നശിപ്പിക്കും. രാസകൃഷി വിപത്തായിമാറിയ ഇക്കാലത്ത് ജൈവായുധങ്ങളുടെ പ്രസക്തി ഏറുകയാണ്. മണ്ണ് നോക്കാതെ വിളയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആധുനിക കാർഷിക രീതികൾ നമ്മുടെ സഹായി ആയ ജീവികളെ അന്യവൽക്കരിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നു. കൃഷിയിൽ രാസവളങ്ങൾക്ക് പകരം ജൈവവളങ്ങൾ നൽകുമ്പോൾ ആദ്യഘട്ടത്തിൽ പ്രതീക്ഷിച്ച വിളവ് ലഭിക്കണമെന്നില്ല. മണ്ണിലെ ജൈവാംശം വർധിപ്പിച്ചും മണ്ണിന്റെ അമ്ലത ലഘൂകരിച്ചും വേണം ജൈവരീതികൾ പ്രയോഗിക്കേണ്ടത്. സസ്യങ്ങൾക്ക് ആവശ്യമായ എല്ലാ ഘടകങ്ങളും നൽകുന്ന സൂക്ഷ്മാണുക്കൾ ഉണ്ട്. ജൈവവളങ്ങൾ ശരിയായി വിഘടിപ്പിച്ചാൽ മാത്രമേ ചെടിക്ക് പോഷകങ്ങൾ ലഭ്യമാകൂ. ഓരോ കൃഷിക്കും എങ്ങനെ, എപ്പോൾ ജൈവായുധങ്ങൾ ഉപയോഗിക്കണമെന്ന് ഒരു കാർഷിക വിദഗ്ധന്റെ സഹായത്തോടെ തീരുമാനിച്ചാൽ രാസവസ്തുക്കളുടെ അമിതോപയോഗം ഇല്ലാതെ തന്നെ നല്ല വിളവ് ഉറപ്പാക്കാം.



നൗറിൻ ഫാത്തിമ വി.എസ്.
എ.ജെ.ജെ.എം.ഗവ.ജി.എച്ച്.എസ്.എസ്,
തലയോലപ്പറമ്പ്, കോട്ടയം



സിനിമാപാട്ടിലെ പ്രകൃതി

# കിളിപ്പാട്ട്

*ഒരു കിളി ഇരു കിളി*
*മുക്കിളി നാക്കിളി*
*ഓലത്തുമ്പത്താടാൻ വാ*
*ഓലത്തുമ്പത്താടിയിരുന്നൊരു*
*നാടൻ പാട്ടും പാടി താ*
*പൊള്ളുന്ന വെയിലല്ലേ*
*വെയിലേറ്റു വാടല്ലേ*
*വന്നീ തണലിലിരുന്നാട്ടേ*

‘മനു അങ്കിൾ’ എന്ന ചിത്രത്തിലെ ഗാനമാണിത്. പൊള്ളുന്ന വെയിലിൽ നിന്ന് വാടാതെ തണലിന്റെ സൗഖ്യത്തിലേക്കാണ് പാട്ട് നമ്മെ കൂട്ടിക്കൊണ്ട് പോകുന്നത്. തണലിന്റെ സുഖത്തിൽ ഓലത്തുമ്പിൽ ഊയലാടിക്കൊണ്ടുള്ള നാടൻ പാട്ടിന്റെ സുഖത്തിലേക്ക് ഈ ഗാനം ശ്രോതാക്കളെ കൊണ്ടുപോകുന്നു. തെക്കൻപൂങ്കാറ്റിന്റെ തേരിലേറിവരുന്ന സ്വപ്നങ്ങളും പൊയ്പ്പോയ ബാല്യത്തിന്റെ തേൻമധുരവുമൊക്കെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള കാലാതീതമായ ബന്ധത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു.

**ഗാനരചന:** ഷിബു ചക്രവർത്തി
**സംഗീതം:** ശ്യാം
**പാടിയത്:** എം.ജി.ശ്രീകുമാർ, കെ.എസ്. ചിത്ര



അഹല്യ എ.എസ്.
എസ്.കെ.വി.യു.പി.എസ്. കായില
കൊല്ലം



# കറ കളയും പുളി

കേരളത്തിലെ ഇല കൊഴിയും ഈർപ്പവനങ്ങളിൽ കാണപ്പെടുന്ന ഒരിനം ചെറിയ മരമാണ് നക്ഷത്രപ്പുളി. സ്റ്റാർ ഫ്രൂട്ട് എന്ന് അറിയപ്പെടുന്ന ഈ സസ്യം ഇന്നു കേരളത്തിലെ ഒട്ടുമിക്ക വീടുകളിലും കാണപ്പെടുന്നു. ഇതിന്റെ തൊലി മൃദുവും കനം കുറഞ്ഞതുമാണ്. പുളിരസത്തിലുള്ള പഴം അച്ചാറുണ്ടാക്കുവാനും പാനീയങ്ങൾ ഉണ്ടാക്കുവാനും ഉപയോഗിക്കുന്നു. ഇതിന്റെ സത്ത് വസ്ത്രങ്ങളിലെ കറകൾ നീക്കുവാൻ ഉപയോഗിക്കാറുണ്ട്. ജീവകം എ, ഓക്സാലിക് ആസിഡ്, ഇരുമ്പ് എന്നീ പോഷകങ്ങൾ ഈ പഴത്തിലടങ്ങിയിരിക്കുന്നു. വൃക്ക സംബന്ധമായ അസുഖങ്ങളുള്ളവർ ഇതു കഴിക്കുന്നതു നന്നല്ല.

സിബി മാത്യു എം.
ടീച്ചർ കോർഡിനേറ്റർ
ഗവ.എൽ.പി.എസ്. ചൂരക്കോട്
പത്തനംതിട്ട

തെറ്റ് ശരി

# പാല് കുടിക്കുമ്പോൾ കണ്ണടയ്ക്കും!

പൂച്ച പാലുകുടിക്കുമ്പോൾ കണ്ണടയ്ക്കും എന്നൊരു ചൊല്ലുണ്ട്. പക്ഷേ, അതിൽ എന്തെങ്കിലും ശാസ്ത്രം ഉണ്ടോ എന്ന് ചോദിച്ചാൽ ഒന്നുമില്ല എന്ന് പറയേണ്ടിവരും. എന്നാൽ, പാലുകുടിക്കുമ്പോൾ മാത്രമല്ല എന്ത് ഭക്ഷണം കഴിക്കുമ്പോഴും കണ്ണടയ്ക്കുന്ന ശീലക്കാരാണ് പൂച്ചകൾ. പിന്നെ എന്തുകൊണ്ട് പാലിന്റെ കാര്യം മാത്രം എടുത്തുപറയുന്നത് എന്നതാണ് കൗതുകകരം. പാല് കട്ടുകുടിക്കുന്ന ശീലം പല പൂച്ചകൾക്കും ഉണ്ടായിരുന്നത്രേ. കള്ളത്തരം ആരും കാണാതിരിക്കാനാണ് അവ കണ്ണടച്ചുപിടിക്കുന്നത് എന്ന രസകരമായ അർത്ഥത്തിലായിരിക്കണം ഈ കണ്ണടയ്ക്കൽ ശീലത്തിന് പ്രചാരം കിട്ടിയത്.




നദീറ വി.
വാദിറഹ്മ ഇംഗ്ലീഷ് സ്കൂൾ,
കൊടിയത്തൂർ, കോഴിക്കോട്



# മായുന്ന കുന്നുകൾ

മനുഷ്യന്റെ മാത്രമല്ല എല്ലാ ജീവജാലങ്ങളുടെയും നിലനില്പും സന്തുലിതാവസ്ഥയും കുന്നുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. കുന്നുകൾ ജല സ്രോതസ്സുകളാണ്. മിക്ക കുന്നുകളും മഴ വെള്ളത്തെ ഉള്ളിലൊതുക്കി വരൾച്ചയെ ഇല്ലാതാക്കുന്നു. കുന്നുകളുടെ താഴ്വാരത്തിൽ വിശാലമായ വയലുകളും വറ്റാത്ത കുളങ്ങളും, തണ്ണീർത്തടങ്ങളും സർവ്വസാധാരണമാണ്. കുന്നിൽ നിന്ന് പ്രവഹിക്കുന്ന ചെറിയ തോടുകൾ വയലിലെ പച്ചപ്പ് നിലനിർത്തിയിരുന്നു. ആദ്യകാലങ്ങളിൽ മനുഷ്യർ വാസമുറപ്പിച്ചത് ചെങ്കൽ കുന്നുകളുടെ അടിവാരങ്ങളിലായിരുന്നു. കുന്നിൽ സുലഭമായുള്ള സസ്യങ്ങൾ, താഴ്വരയിലെ ശുദ്ധജലം, കൃഷിയോഗ്യമായ മണ്ണ് എന്നിവയെല്ലാം മനുഷ്യവാസം സുഗമമാക്കി. വർത്തമാനകാലത്തെ മനുഷ്യന്റെ തലതിരിഞ്ഞ വികസനത്തിൽ കുന്നിന് ഒരു പ്രസക്തിയുമില്ല. കുന്നിടിച്ച് വയൽ നികത്തി കെട്ടിടങ്ങളും ആർഭാട സൗധങ്ങളും പണിയുമ്പോൾ ഒരേ സമയം രണ്ട് ജല സ്രോതസ്സുകൾ നമ്മുക്ക് ഇല്ലാതാവുന്നു. വരുംതലമുറക്ക് കരുതിവെക്കേണ്ട ജലസ്രോതസ്സുകളാണ് നമ്മൾ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നത്. മാഞ്ഞു പോകാതെ, കുന്നുകളെ സംരക്ഷിക്കാൻ ഇനിയെങ്കിലും നമുക്ക് കഴിയട്ടെ.

ബീന പി.
സീഡ് കോർഡിനേറ്റർ
ജി.എൽ.പി. സ്കൂൾ ചെമ്മനാട് ഈസ്റ്റ്
കാസർകോട്

പൂവറിവ്

# കുങ്കുമപ്പൂവ്

സൗന്ദര്യ ലേപനങ്ങളിലെ പ്രധാന ചേരുവകയിലൊന്നാണ് കുങ്കുമപ്പൂവ്. ഏറെ ഔഷധഗുണമുള്ള കുങ്കുമപ്പൂവ് ലോകത്തെ വിലകൂടിയ സുഗന്ധവ്യഞ്ജനങ്ങളിലൊന്നാണ്. ആന്റിഓക്സിഡന്റുകളാൽ സമ്പന്നമാണ് ഈ സുഗന്ധദ്രവ്യം. ദൈനംദിന ഭക്ഷണത്തിൽ ഒന്നോ രണ്ടോ നുള്ള് കുങ്കുമപ്പൂ ചേർക്കുന്നവരുണ്ട്. ഏറ്റവും ഗുണനിലവാരമുള്ള കുങ്കുമപ്പൂ വിടരുന്നത് കശ്മീരിലാണ്. എന്നാൽ കുങ്കുമപ്പൂ കൃഷിയുടെ കേന്ദ്രമാകാൻ ഒരുങ്ങുകയാണ് കേരളത്തിലെ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസേർച്ചിന്റെ (ICAR) നേതൃത്വത്തിൽ കൃഷിവിജ്ഞാനകേന്ദ്രം (KVK) കാന്തല്ലൂർ, വട്ടവട, വാഗമൺ എന്നിവിടങ്ങളിൽ കുങ്കുമപ്പൂകൃഷിപദ്ധതി നടപ്പാക്കിയിരുന്നു. ഈ പദ്ധതി വിജയകരമായതിനെ തുടർന്ന് കൂടുതൽ സ്ഥലങ്ങളിൽ കുങ്കുമപ്പൂ കൃഷി ചെയ്യാനൊരുങ്ങുകയാണ് ഇവിടുത്തെ കർഷകർ. കുങ്കുമത്തിന്റെ കിഴങ്ങ് കുഴിച്ചെടുത്ത ശേഷം ചെറിയ കഷ്ണങ്ങളായി മുറിച്ചെടുത്ത് നടുകയാണ് ചെയ്യുക. പൂക്കളുടെ ഉള്ളിലെ നാരുപോലുള്ള പരാഗണസ്ഥമാണ് സുഗന്ധദ്രവ്യമായി ഉപയോഗിക്കുന്നത്.



ആവണി എസ്.
കോട്ടം ഈസ്റ്റ് എൽ.പി.സ്കൂൾ
കണ്ണൂർ

വർണച്ചിറക്

കവിത

# കാഴ്ച

ഒത്തിരി നാളായി
ഇത്തിരി നേരമൊന്നൊറ്റക്കിരിക്കാൻ
കൊതിച്ചിടുന്നു.
കണ്ടതും കേട്ടതുമല്ല പ്രകൃതി
എന്നാരോ പറഞ്ഞതും ഓർമവന്നു.
തൊട്ടാൽ വാടുന്ന
തൊട്ടാവാടിയോടിത്തിരി
കിന്നാരം ചൊല്ലണം ആദ്യം.
തോട്ടിലെ തെളിനീരിൽ വിടർന്നുനിന്ന
സുന്ദരി ആമ്പൽപ്പൂ പുഞ്ചിരിച്ചു
മാടിവിളിച്ചാ കരങ്ങളെന്നെ,
പാടവരമ്പിലേക്കെത്തി ഞാനും.
നീണ്ടുപരന്നു കിടക്കുന്ന കാഴ്ചകൾ
ഏകയായ് മൂകയായ് നോക്കിനിന്നു.




റിസ ഫാത്തിമ ഒ.പി.
ബി.വൈ.കെ.ആർ.എച്ച്.എസ്.
കടുങ്ങാത്തുകുണ്ട്, മലപ്പുറം

വർണച്ചിറക്

കഥ

# അലീനയുടെ കുഞ്ഞിക്കിളി

അങ്ങകലെ ഉദയസൂര്യന്റെ പ്രഭാകിരണങ്ങൾ. പുലരിയെ എതിരേൽക്കാൻ നിൽക്കുന്ന കിളികളുടെ തോരാത്ത ശബ്ദം. പുലരിയായിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്ന വിരിയാത്ത മൊട്ടുകൾ. കല പില ശബ്ദത്തിൽ ഇളകിയൊഴുകുന്ന പുഴകൾ, മരങ്ങളെ തഴുകി തലോടി പോകുന്ന ഇളം കാറ്റ്...



മലയാളം അധ്യാപിക ക്ലാസ്സിൽ പ്രകൃതി സൗന്ദര്യം വിവരിച്ചു.

ക്ലാസ്സിൽ ശ്രദ്ധിച്ചിരിക്കുകയാണ് അലീന. പെട്ടെന്നാണ് അവൾക്ക് തന്റെ വീട്ടുമുറ്റത്തെ ചെത്തിച്ചെടിയിൽ കൂടുകൂട്ടിയ കുഞ്ഞിക്കിളിയുടെ കാര്യം ഓർമ്മവന്നത്. ചെത്തിച്ചെടിയുടെ ഉള്ളിലായി, മഞ്ഞും മഴയും ഏശാതെ കൂടുകൂട്ടിയ അമ്മക്കിളി ബുദ്ധിമതി തന്നെ.

പെട്ടെന്ന് സ്കൂൾ ബെൽ മുഴങ്ങി. ദേശീയ ഗാനത്തിനു ശേഷം അലീന ചേട്ടനെയും കൂട്ടി വീട്ടിലേക്ക് ഓടി. ഓട്ടത്തിനിടയിൽ അവളുടെ മനസ്സുനിറയെ വീട്ടിലെ ചെത്തിച്ചെടിയും കുഞ്ഞിക്കിളിയുമായിരുന്നു.

പിറ്റേന്ന് ക്ലാസ്സിലെത്തി കൂട്ടുകാരോട് അവൾ പറഞ്ഞു. "എന്റെ കുഞ്ഞിക്കിളി മുട്ടയിട്ടു, നാലു മുട്ടകൾ, കുഞ്ഞി മുട്ടകൾ, എന്തു ഭംഗിയാ..."

പക്ഷേ, അവർ തടുക്കപ്പെട്ട് പറഞ്ഞത് ഹോംവർക്ക് വയ്ക്കുന്നതിനെപ്പറ്റിയും രചനബുക്ക് തിരിച്ചെടുക്കുന്നതിനെപ്പറ്റിയുമായിരുന്നു.

അലീന ഷിജോ
കെ.ഇ.യു.പി.സ്കൂൾ
പുളിയന്മല, ഇടുക്കി



മലകളെ കടപുഴക്കുന്ന
മനുഷ്യർ മറക്കരുത്
നമ്മളാണ് കടപുഴകി
വീഴുന്നതെന്ന്!

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

മാതൃഭൂമി
# ആകാശപ്പച്ച

Published by Mathrubhumi Seed